VADAKKEKKAD LITTLE KITES

# HSS THIRUVALAYANNUR NEWS

JULY:2025

# വായനയിലൂടെ വിജ്ഞാനത്തിലേക്ക്

വടക്കേക്കാട്: തിരുവളയന്നൂർ ഹയർ സെക്കണ്ടറി സ്കൂളിൽ വായനാദിനം ആഘോഷിച്ചു. വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ നേതൃത്വത്തിൽ ജൂൺ19നായിരുന്നു പോസ്റ്റർ പ്രദർശനമുൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിച്ചത്. വായനയുടെ മൂല്യവും സ്വാധീനവും പ്രമേയമാക്കിയിരുന്ന പരിപാടികൾ ശ്രദ്ധേയമായി.



## ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ

വടക്കേക്കാട്: തിരുവളയന്നൂർ ഹയർ സെക്കണ്ടറി സ്കൂളിൽ ഈ വർഷത്തെ ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷയിൽ അനഘ എം ഡി സ്കൂൾ തലത്തിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി.29കുട്ടികൾക്ക് പുതിയ ബാച്ചിലേക്ക് പ്രവേശനം ലഭിച്ചു.

## ആദരവ്



കല്ലൂർ: മേരി ക്യൂറി ഫെല്ലോഷിപ്പോടെ (50ലക്ഷംപ്രതിവർഷം )അയർലൻഡ് അറ്റ്ലാന്റിക് ടെക്നോളജിക്കൽ സർവകലാശാലയിലേക്ക് ശാസ്ത്ര ഗവേഷണത്തിനായി യാത്രതിരിക്കുന്ന പൂർവ്വ വിദ്യാർത്ഥിനി ഐശ്വര്യയെ അനുമോദിച്ചു.

## യോഗയിലേക്ക് മടങ്ങൂ...



അന്താരാഷ്ട്ര യോഗദിനം ജൂൺ 21ന് NCC 24 കേരള ബെറ്റാലിയന്റെ നേതൃത്വത്തിൽ അദ്ധ്യാപികയും യോഗ ട്രെയ്നർ കൂടിയായ ശ്രീരഞ്ജി ടീച്ചറുടെ പരിശീലനത്തോടെ ആചരിച്ചു.

## ലഹരി വിരുദ്ധ ദിനാചരണം

തിരുവളയന്നൂർ ഹയർ സെക്കണ്ടറി സ്കൂളിൽ ലഹരി വിരുദ്ധ ദിനം ജൂൺ 26 ന് വിവിധ പരിപാടികളോടെ ആചരിച്ചു. ലഹരി വിരുദ്ധ റാലി, പ്ലക്കാർഡ് നിർമ്മാണം, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം തുടങ്ങിയ പ്രവർത്തനങ്ങൾ ലഹരി വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്നു.



## സഹായഹസ്തം



പത്താം ക്ലാസ്സിലെ വിദ്യാർഥിയുടെ സൈക്കിൾ മോഷണം പോയ വിഷമം മനസ്സിലാക്കി PTA പ്രസിഡന്റ് ശ്രീ ബിജു പള്ളിക്കരയുടെ നേതൃത്വത്തിൽ സ്പോൺസർഷിപ്പിലൂടെ ലഭിച്ച സൈക്കിൾ വിഷ്ണുവിന് കൈമാറുന്നു.



അലിഫ് അറബി ക്ലബ്ബിന്റെ നേതൃത്വത്തിൽ ബലിപെരുന്നാളിനോട് അനുബന്ധിച്ചു നടത്തിയ മെഹന്തി മത്സരം.



ഉറുദു അക്കാദമിക് കലണ്ടർ പ്രധാനാധ്യാപിക ജിഷ ടീച്ചർ പ്രകാശനം ചെയ്യുന്നു.



തിരുവളയന്നൂർ സ്കൂൾ വിദ്യാർത്ഥികൾക്ക് ആരോഗ്യ കായികത്തെക്കുറിച്ച് മജീദ് മാസ്റ്റർ ക്ലാസ്സ് നയിക്കുന്നു.



ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ചുള്ള പോസ്റ്ററുകളുമായി UP വിഭാഗം വിദ്യാർഥികൾ